**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 210** — **07.02.2019 -ൽ മറുപടിക്ക്**

# ഉത്തരവാദിത്ത ടൂറിസം മിഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ആൻസലൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. സി.കെ.ശശീന്ദ്രൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) ഉണ്ട്. തദ്ദേശീയരായ ആളുകളെ ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തി അതിലൂടെ അവർക്ക് തൊഴിലും അധിക വരുമാനവും ലഭ്യമാക്കുന്ന തരത്തിൽ വിഭാവനം ചെയ്തിട്ടുള്ളതാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ. കൃത്യമായ ഇടവേളകളിൽ സർക്കാർ തലത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്തു വരുന്നു. |
| ബി) തദ്ദേശ ഗ്രാമവികസനം, ദാരിദ്ര്യ ലഘൂകരണം, സ്ത്രീ ശാക്തീകരണം എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ട് പ്രസ്തുത മേഖലകളുടെ വികസനത്തിന് പ്രധാന ഉപാധിയായി വിനോദ സഞ്ചാര പ്രവർത്തനങ്ങളെ മാറ്റുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷന് ഇതിനകം കഴിഞ്ഞിട്ടുണ്ടോ; | ബി) ഉണ്ട്. വിനോദസഞ്ചാര മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ട് വരുമാനം ഉണ്ടാക്കാനുതകുന്ന തരത്തിലുള്ള വിവിധ സൂക്ഷ്മ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനങ്ങൾ ഉത്തരവാദിത്ത ടൂറിസം മിഷൻ നൽകി വരുന്നു. പേപ്പർ ബാഗ് നിർമ്മാണം, തുണി സഞ്ചി നിർമ്മാണം, വിവിധ കരകൗശല വസ്തുക്കൾ ഉണ്ടാക്കൽ, പപ്പട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സാമ്പിൾ സോപ്പ് നിർമ്മാണം |

മുതലായവയിലുള്ള ട്രെയിനിംഗുകൾ, പ്രാദേശിക ടൂർ ലീഡേഴ്സിനുള്ള ട്രെയിനിംഗ്, സ്റ്റോറി ടെല്ലിംഗ് ട്രെയിനിംഗ്, ശാസ്ത്രീയ മാലിന്യ സംസ്കരണ ത്തിനുള്ള ട്രെയിനിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ 3220 ഓളം ആളുകൾക്ക് ഇതിനോടകം പരിശീലനം നൽകി. പ്രസ്തുത പരിശീലനങ്ങൾ ലഭിച്ചവരിൽ 60 ശതമാന ത്തോളവും സ്ത്രീകളാണ്. ടൂറിസം മേഖലയുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെടുന്ന 13547 വ്യത്യസ്തങ്ങളായ യൂണിറ്റുകൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു. മിഷന്റെ 3 പ്ലാറ്റ്ഫോമുകളിലൂടെ ടൂറിസം വ്യവസായികൾക്കും വിനോദസഞ്ചാരികൾക്കും ഉൾപ്പെടെ ആർക്കും ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളുമായി നേരിട്ട് ബന്ധപ്പെടാവുന്നതും ആവശ്യമായ സേവനങ്ങളും ഉൽപ്പന്നങ്ങളും ലഭ്യമാക്കാവുന്നതുമാണ്. കൂടാതെ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളെ കണ്ടെത്തി പ്രാദേശിക പങ്കാളിത്തത്തോടെ വികസിപ്പിക്കുന്ന തിനുള്ള 'പെപ്പർ' (People's Participation for Participatory Planning and Empowerment through Responsible Tourism) പ്രോജക്ട് പോലുള്ള വിവിധ പദ്ധതികളും മിഷൻ നടത്തി വരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ തദ്ദേശ ഗ്രാമവികസനം, ദാരിദ്ര്യ ലഘൂകരണം, സ്ത്രീ ശാക്തീകരണം എന്നീ മേഖലകളുടെ വികസന ത്തിന് ആർ.ടി. മിഷന് കഴിഞ്ഞിട്ടുണ്ട്.

സി) പ്രസ്തുത മിഷന്റെ പ്രവർത്തനത്തിന്റെ ഭാഗമായ യൂണിറ്റുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ, അവയുടെ ഘടന എന്നിവ വ്യക്തമാക്കുമോ;

സി) കൾച്ചറൽ യൂണിറ്റുകൾ, കരകൗശല നിർമ്മാണ യൂണിറ്റുകൾ, പേപ്പർ ബാഗ് യൂണിറ്റുകൾ, തുണി സഞ്ചി നിർമ്മാണ യൂണിറ്റുകൾ, നെയ്ത്ത് യൂണിറ്റുകൾ, ജൈവപച്ചക്കറി ഉൽപ്പാദന യൂണിറ്റുകൾ, മൂല്യ വർദ്ധിത ഭക്ഷ്യോൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ, ഇളനീർ യൂണിറ്റുകൾ, ആർ.ടി ഷൊഫേർസ്, പ്രാദേശിക ടൂർ ലീഡേഴ്സ്, വിവിധ വിദഗ്ധ-അവിദഗ്ധ തൊഴിലുകൾ ചെയ്യുന്നവർ, ടൂറിസം അനുബന്ധ സർവീസ് യൂണിറ്റുകൾ എന്നിങ്ങനെ ടൂറിസം ടൂറിസം മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടു കിടക്കുന്ന വ്യത്യസ്തങ്ങളായ യൂണിറ്റുകൾക്ക് അവരുടെ പ്രവർത്തനങ്ങൾ വിശദീകരിച്ച് ആർ.ടി മിഷനിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഇത്തരത്തിലുള്ള 13547 യൂണിറ്റുകൾ ഇപ്പോൾ ഉത്തരവാദിത്ത ടൂറിസം മിഷന്റെ ഭാഗമായി പ്രവർത്തിക്കുന്നു.

ഡി) ഇത്തരം യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തിച്ചത് മൂലം ഇതുവരെ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഡി) ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനങ്ങളിലൂടെ കേരളത്തിലുടനീളം ഉത്തരവാദിത്ത ടൂറിസം എന്ന ആശയം പ്രചരിപ്പിക്കാൻ കഴിഞ്ഞതും അതിന്റെ ഭാഗമായി പ്രാദേശിക സമൂഹത്തിന് ടൂറിസം മേഖലയിൽ ഉണ്ടായ പങ്കാളിത്തവും ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാനപ്പെട്ട നേട്ടമാണ്. പ്രാദേശിക സമൂഹത്തിനു ടൂറിസം മേഖലയിൽ നിന്നും നിയമ വിധേയമാർഗങ്ങളിലൂടെ വരുമാനം ലഭ്യമാക്കുക എന്നത് ഉത്തരവാദിത്ത ടൂറിസത്തിന്റെ സാമ്പത്തിക ഉത്തരവാദിത്തത്തിന്റെ പ്രഥമ ലക്ഷ്യമാണ്. ഈ ലക്ഷ്യത്തിനാ

യുള്ള പ്രവർത്തനങ്ങൾ 2008 മുതൽ 2017 വരെയുള്ള കാലയളവിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി വഴി ലഭിച്ചതായ പ്രാദേശിക വരുമാനം ഏതാണ്ട് 12 കോടി രൂപയാണ്. ആർ.ടി മിഷൻ നിലവിൽ വന്ന് പ്രവർത്തനം ആരംഭിച്ച 2017 ആഗസ്റ്റ് മുതൽ 2019 ജനുവരി 31 വരെ ആകെ ലഭ്യമായ പ്രാദേശിക വരുമാനം 6,69,03,783/- രൂപയാണ്.

സെക്ഷൻ ഓഫീസർ.